# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2056 08.03.2018- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായത്തിന്റെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.കെ.എം.ഷാജി | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) കൈത്തറി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിലും മെച്ചപ്പെട്ട കൂലിയും ഉറപ്പാക്കുന്നതിന് 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൈത്തറി മേഖലയിൽ യുവാക്കളെ ആകർഷിക്കുന്നതിന് കുടുംബശ്രീ മിഷന്റെ കൂടെ സഹകരണത്തോടെ 'യുവ വീവ്' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു വരുന്നു. പല കൈത്തറി സംഘങ്ങളുടെയും പരിധിയിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന തറികൾ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നതിന് കേരളാ ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൈത്തറി ഉൽപന്നങ്ങളുടെ മൂല്യ വർദ്ധനയുള്ള സാധ്യതകൾ വിനിയോഗിച്ച് പ്രവർത്തിപഥത്തിലെത്തിക്കുന്നതിനായി ഹാന്റക്സ്/ഹാൻവീവ് എന്നിവിടങ്ങളിൽ ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും അവിടങ്ങളിലേക്ക് ഡിസൈനർമാരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കൈത്തറി വസ്തുങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കൈത്തറി ഉത്പന്നങ്ങളെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കുന്നതിന് വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുമോ? | (ബി) ജി.എസ്.ടി നടപ്പിലാക്കിയതിലെ അപാകതകൾ കാരണം കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തി കൈത്തറി മേഖലയെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**